കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം കമ്പ്യൂട്ടറൈസ് ചെയ്യുവാൻ നടപടി

57 (3589) ശ്രീ. ജി. സുധാകരൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം കമ്പ്യൂട്ടറൈസ് ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം വികസിപ്പിക്കുന്നതിന്റെ ഭാഗമായി പുതുതായി വർക്ക്ഷോപ്പുകളും ഡിപ്പോകളും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കമ്പ്യൂട്ടർവൽക്കരണ പരിപാടികൾ ഘട്ടംഘട്ടമായി നടപ്പാക്കി കൊണ്ടിരിക്കുകയാണ്.

(ബി) കെ. എസ്. ആർ. ടി. സി. യുടെ ഓഫീസുകളും വർക്ക്ഷോപ്പുകളും ഘട്ടംഘട്ടമായി കമ്പ്യൂട്ടറൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നു. ചീഫ് ഓഫീസിൽ 15 കമ്പ്യൂട്ടറുകൾ ഉൾക്കൊള്ളുന്ന ഒരു ലോക്കൽ ഏരിയ നെറ്റ് വർക്ക് സജ്ജമാക്കിയിട്ടുണ്ട്. അവയിലൂടെ എല്ലാ ഡിപ്പോകളിലെയും സർവീസ് ഓപ്പറേഷനെ സംബന്ധിക്കുന്ന കാര്യങ്ങൾ, പ്രതിദിന വരുമാന കണക്കുകൾ എന്നിവ വിശകലനം ചെയ്യാനും കഴിയുന്നു. കൂടാതെ ജീവനക്കാരുടെ ബയോഡേറ്റ, പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട്സ്, വാഹനങ്ങളെ സംബന്ധിച്ച കണക്കുകൾ, റോഡപകടങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ തുടങ്ങിയവയും ചീഫ് സ്റ്റോറിലെ ഇൻവെന്ററി എന്നിവയും കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. തിരുവനന്തപുരം സെൻട്രൽ, കൊട്ടാരക്കര, കണ്ണൂർ എന്നീ ഡിപ്പോകളിലെ ടിക്കറ്റ് ആന്റ് ക്യാഷ് വിഭാഗം പൂർണമായും കമ്പ്യൂട്ടറൈസ് ചെയ്തു കഴിഞ്ഞു.

(സി) വർക്ക്ഷോപ്പുകളും ഡിപ്പോകളും ആരംഭിക്കുന്നതിനുള്ള പുതിയ നിർദ്ദേശങ്ങൾ പരിഗണനയിലില്ല. എന്നാൽ കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഇപ്പോൾ ഏറ്റെടുത്തിട്ടുള്ള ചുമതലകൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.

ജീവനക്കാരിൽ നിന്നും ബാങ്ക്/സഹകരണ കൂടിശ്ശികയിനത്തിൽ ഈടാക്കുന്ന തുക യഥാസമയം അടയ്ക്കുവാൻ സംവിധാനം

58 (3590) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly